**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5619** **24-03-2025 - ൽ മറുപടിയ്ക്ക്**

**വാമനപുരം കുടുംബാരോഗ്യ കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിൽ ഒരു വർഷത്തിന് മുൻപ് ഉദ്ഘാടനം ചെയ്യപ്പെട്ട വാമനപുരം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ആധുനിക രീതിയിലുള്ള പുതിയ ഒ.പി., ഐ.പി. ബ്ലോക്ക് കെട്ടിടത്തിൽ ആശുപത്രി സേവനം ഇതുവരെയും ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | വാമനപുരം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങളും ലാബ്, ഫാർമസി, പ്രവർത്തിക്കാനുള്ള സൗകര്യങ്ങളും പൂർത്തിയാവാനുണ്ട്. ഇ-ഹെൽത്ത് സംവിധാനവും, ലിഫ്റ്റും പ്രവർത്തനക്ഷമമാക്കേണ്ടതുണ്ട്. അഗ്നിരക്ഷാ ഉപകരണങ്ങൾ, സി.സി.ടി.വി എന്നിവ സ്ഥാപിക്കുവാനുണ്ട്. |
| (ബി) | എന്തെല്ലാം സംവിധാനങ്ങളാണ് പുതിയ കെട്ടിടത്തിൽ സജ്ജമാക്കിയിട്ടുള്ളതെന്നും ഓരോന്നിനും ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ; | (ബി) | എക്സറേ യൂണിറ്റിന് 19 ലക്ഷം രൂപയും, ഇ-ഹെൽത്ത് നെറ്റ്‌വർക്കിംഗ് & എക്യുപ്മെന്റ് പർച്ചേയ്സിംഗിന് 15 ലക്ഷം രൂപയും 2024-25 ബ്ലോക്ക് പഞ്ചായത്തിന്റെ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി കെട്ടിടത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 23 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. പാർട്ടീഷൻ വർക്ക്, ഗ്ലാസ്സ് ഫിറ്റിംഗ്സ്, ഫിലിം ഒട്ടിക്കൽ, ലാബ് സൗകര്യങ്ങൾ, ഫാർമസി ക്രമീകരിക്കൽ എന്നിവ നടന്നു വരുന്നു. ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിന്റെ അടിസ്ഥാന സൗകര്യം പൂർത്തീകരണത്തിനായി 2025-2026 പദ്ധതിയിൽ 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | സംസ്ഥാന പാത ഒന്നിന്റെ പാതയോരത്ത് സ്ഥിതി ചെയ്യുന്നതിന്റെ പ്രാധാന്യം കണക്കിലെടുത്ത് വാഹനാപകടത്തിൽപ്പെടുന്നവർക്ക് അത്യാവശ്യ ചികിത്സ ലഭ്യമാക്കുന്ന ആക്സിഡന്റ് & ട്രോമാകെയർ സംവിധാനം പ്രസ്തുത ആരോഗ്യകേന്ദ്രത്തിന് ഏർപ്പെടുത്താൻ കഴിയുമോ ; വിശദമാക്കാമോ? | (സി) | ആക്സിഡന്റ് & ട്രോമാകെയർ സംവിധാനം നിലവിൽ നടപ്പിലാക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്നത് തെരഞ്ഞെടുക്കപ്പെട്ട താലൂക്ക്/ജില്ലാതല ആശുപത്രികളാണ്. |

സെക്ഷൻ ഓഫീസർ